**റൂളിംഗ്**

**2024 ജൂൺ 10-ാം തീയതി സഭ പാസ്സാക്കിയ 2024-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ, 2024-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ബിൽ എന്നിവ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കാതെ പാസ്സാക്കിയ നടപടി സംബന്ധിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ്, ശ്രീ. രമേശ് ചെന്നിത്തല, ശ്രീ. എൻ. ഷംസുദ്ദീൻ എന്നിവർ ഉന്നയിച്ച ക്രമപ്രശ്നങ്ങളിന്മേലുള്ള റൂളിംഗ്**

ഓർഡർ... ഓർഡർ...

ഇന്നലെ, അതായത് 2024 ജൂൺ 10-ാം തീയതി സഭയിൽ അവതരിപ്പിക്കപ്പെട്ട 2024-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബില്ലും 2024-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ബില്ലും സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കാതെ ബന്ധപ്പെട്ട ചട്ടങ്ങൾ താൽക്കാലികമായി സസ്പെന്റ് ചെയ്തുകൊണ്ട് ഇന്നലെത്തന്നെ പാസ്സാക്കിയ നടപടിയിലെ അപാകം സംബന്ധിച്ചാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും ശ്രീ. രമേശ് ചെന്നിത്തലയും ശ്രീ. എൻ. ഷംസുദ്ദീനും തങ്ങളുടെ ക്രമപ്രശ്നങ്ങളിലൂടെ ഇവിടെ ഉന്നയിച്ചത്.

ഇപ്രകാരം ഒരു നടപടിയിലേക്ക് പോകുന്നതിലേക്കായി സഭയുടെ അനുമതി തേടാനുണ്ടായ സാഹചര്യം ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണം,

എക്സൈസ് വകുപ്പുമന്ത്രിയും നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രിയും ഇവിടെ വിശദീകരിക്കുകയുണ്ടായി. ചെയർ ഇക്കാര്യം വിശദമായി പരിശോധിച്ചു.

സഭയിൽ അവതരിപ്പിക്കുന്ന ധനവിനിയോഗ ബില്ലുകൾ ഒഴികെയുള്ള എല്ലാ ബില്ലുകളും ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിയുടെയോ അതിനായി രൂപീകരിക്കുന്ന സെലക്ട് കമ്മിറ്റിയുടെയോ പരിഗണനയ്ക്ക് അയയ്ക്കുകയും പ്രസ്തുത സമിതികൾ വിശദമായ പരിശോധന നടത്തിയതിനുശേഷം മാത്രം തിരിച്ചു സഭയിൽ കൊണ്ടുവന്ന് പാസ്സാക്കുകയും ചെയ്യുക എന്നത് നമ്മുടെ സഭാ ചട്ടങ്ങളിലെ ഏറ്റവും ശക്തമായ നടപടി ചട്ടങ്ങളിൽ ഒന്നാണ്. പാർലമെന്റിലും ഇതര സംസ്ഥാന നിയമസഭകളിൽപ്പോലും ഇത്ര കർക്കശമായ ഒരു വ്യവസ്ഥയില്ലെന്നാണ് ചെയർ മനസ്സിലാക്കുന്നത്.

കഴിഞ്ഞ കാലങ്ങളിലൊക്കെത്തന്നെ പ്രസ്തുത ചട്ടങ്ങളുടെ അടിസ്ഥാനത്തിലാണ് നമ്മുടെ നിയമനിർമ്മാണ പ്രക്രിയ നാം ക്രമീകരിച്ച് വന്നിരുന്നത്. എന്നിരുന്നാലും വളരെ അടിയന്തര ഘട്ടങ്ങളിലും വ്യക്തമായ കാര്യകാരണങ്ങളുടെ അടിസ്ഥാനത്തിലും ബന്ധപ്പെട്ട ചട്ടങ്ങൾ സസ്പെന്റ്

ചെയ്തുകൊണ്ട് നിരവധി ബില്ലുകൾ സഭയിൽ അവതരിപ്പിക്കുകയും കമ്മിറ്റികളുടെ പരിഗണനയ്ക്ക് അയയ്ക്കാതെ, പൊതുചർച്ചയ്ക്ക് ശേഷവും ചർച്ച കൂടാതെയും സഭയിൽ പാസ്സാക്കിയിട്ടുണ്ട്.

2006 മാർച്ച് 14-ാം തീയതി സഭയിൽ അവതരിപ്പിച്ച The Kerala Irrigation and Water Conservation (Amendment) Bill, 2006, 2018 മാർച്ച് 27-ന് സഭയിൽ അവതരിപ്പിച്ച The Kerala Fiscal Responsibility (Amendment) Bill, 2018, 23-08-2022-ൽ സഭ പാസ്സാക്കിയ 2021-ലെ കേരള റദ്ദാക്കലും ഒഴിവാക്കലും ബിൽ എന്നിവ അവയിൽ ചിലതു മാത്രമാണ്.

നമ്മുടെ നിയമസഭാ ചട്ടങ്ങളിൽ വ്യക്തമായി പ്രതിപാദിക്കുന്നതുപോലെ ധനവിനിയോഗ ബില്ലുകൾ ഒഴികെയുള്ള എല്ലാ ബില്ലുകളും ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിയുടെയോ സെലക്ട് കമ്മിറ്റിയുടെയോ പരിഗണനയ്ക്കുശേഷം മാത്രം പാസ്സാക്കുന്ന പ്രവണത തന്നെയാണ് ഏറ്റവും അഭികാമ്യം എന്നുതന്നെയാണ് ചെയറിന്റെയും അഭിപ്രായം. എന്നാൽ ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി ഇവിടെ വിശദീകരിച്ചതുപോലെ 2025-ൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് നടക്കാനിരിക്കുന്ന

തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട വാർഡ് വിഭജനം ഉൾപ്പെടെയുള്ള നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതുള്ളതിനാൽ ബിൽ അടിയന്തരമായി പാസ്സാക്കേണ്ട സാഹചര്യം നിലനിൽക്കുന്നുവെന്ന വസ്തുതയും പരിഗണിക്കേണ്ടതുണ്ട്.

ഈ സാഹചര്യത്തിൽ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും മറ്റ് രണ്ട് അംഗങ്ങളും ഇവിടെ ഉന്നയിച്ച വികാരങ്ങളുടെയും ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെയും അന്തസത്ത ഉൾക്കൊണ്ടുകൊണ്ട് ക്രമപ്രശ്നം തീർപ്പാക്കുകയാണ്.

ഓർഡർ... ഓർഡർ....

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഞങ്ങൾക്ക് ഇക്കാര്യത്തിൽ അതിശക്തമായ പ്രതിഷേധമുണ്ട്. ഇത് ഈ നിയമസഭയിൽ ഒരു പ്രീസിഡന്റായി മാറുകയാണ്. അങ്ങേയ്ക്കുള്ള വിഷമം അങ്ങയുടെ പരിമിതമായ വാക്കുകളിലൂടെ അങ്ങ് പ്രകടിപ്പിച്ചു. അതിൽ വളരെ സന്തോഷമുണ്ട്. കാരണം അത് തെറ്റായെന്ന് വാക്കുകളിൽനിന്നും വ്യക്തമാകും. പക്ഷേ ഇത് ഒരിക്കലും അനുവദിക്കാൻ പാടില്ലാത്തതും ഒരിക്കലും

പ്രീസിഡന്റാകാൻ പാടില്ലാത്തതുമാണ്. ഞാൻ എന്റെ കസേരയിൽനിന്ന് എഴുന്നേറ്റ് ആ സമയത്ത് പറഞ്ഞില്ലെന്ന് പറയുന്ന മന്ത്രി ഇനി ഭാവിയിൽ ഞങ്ങൾ ഇതുകേട്ട് അടങ്ങിയിരുന്നുവെന്നും പറയും.

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവേ, സാധാരണ ചെയർ റൂളിംഗ് നൽകിയാൽ പിന്നെ സംസാരിക്കുന്ന രീതിയില്ല.

ശ്രീ. വി. ഡി. സതീശൻ: സർ, ഇത് പാർലമെന്റിൽ സംഘപരിവാർ സർക്കാർ ചെയ്യുന്ന അതേ രീതിയിലുള്ളൊരു നടപടിയായതുകൊണ്ട് അതിൽ ശക്തിയായി പ്രതിഷേധിച്ചുകൊണ്ട് ഞങ്ങൾ വാക്കൗട്ട് ചെയ്യുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ മുദ്രാവാക്യം വിളിച്ചുകൊണ്ട് സഭവിട്ട് പുറത്ത് പോവുകയും അല്പ സമയത്തിനുശേഷം തിരികെ ഹാജരാകുകയും ചെയ്തു.)